പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3676 30.01.2014 ൽ മറുപടിക്ക്

## വനിതാ കമ്മീഷനിൽ ജോലി ചെയ്യിരുന്ന സർക്കിൾ ഇൻസ്പെക്ടർക്കെതിരെയുള്ള പരാതിയിന്മേലുള്ള അന്വേഷണം

| ചോദ്യം<br>ശ്രീ.വി.ശിവൻകുട്ടി | മറുപടി<br><br>രമേശ് ചെന്നിത്തല<br><br>(ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
|---|---|
| എ) 2012-ൽ വനിതാ കമ്മീഷനിൽ ജോലി ചെയ്യിരുന്ന സർക്കിൾ ഇൻസ്പെക്ടറെ ഏതെങ്കിലും സ്ത്രീയുടെ പരാതിയിൻമേൽ സസ്പെന്റ് ചെയ്തിട്ടുണ്ടോ; | (എ) ഉണ്ട്. |
| ബി) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ ക്രൈംബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ ആയതിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കുമോ; | (ബി) ക്രൈം ബ്രാഞ്ച് കേസ് രജിസ്റ്റർ ചെയ്തിട്ടില്ല. പ്രസ്തുത ഉദ്യോഗസ്ഥനെതിരെ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം നം.1256/12 പ്രകാരം ഒരു ക്രൈം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് നാർക്കോട്ടിക് സെൽ പോലീസ് അസി.കമ്മീഷണർ അന്വേഷിച്ചു വരികയാണ്. |
| സി) സ്ത്രീകൾക്കെതിരെയുള്ള കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ട ഈ ഉദ്യോഗസ്ഥനെ അറസ്റ്റ് ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കുമോ; | (സി) അറസ്റ്റ് ചെയ്തിട്ടുണ്ട്. |
| ഡി) എ.ഡി.ജി.പി. മാരുടെ കമ്മിറ്റി പ്രസ്തുത ഉദ്യോഗസ്ഥനെ പിരിച്ചുവിടാൻ ശുപാർശ ചെയ്തിട്ടുണ്ടോ; | (ഡി) എ.ഡി.ജി.പി മാരുടെ കമ്മിറ്റി പ്രസ്തുത ഉദ്യോഗസ്ഥനെതിരെ കേരള പോലീസ് ആക്റ്റിലെ വകുപ്പ് 86(3) പ്രകാരം നടപടി എടുക്കുവാൻ ശുപാർശ ചെയ്തിട്ടുണ്ട്. |

| | |
|---|---|
| ഇ) പ്രസ്തുത ഉദ്യോഗസ്ഥനെതിരെ വകുപ്പുതല അന്വേഷണം നടക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) വകുപ്പുതല അന്വേഷണം നടക്കുന്നുണ്ട്. 20.12.2012-ലെ സർക്കാർ ഉത്തരവ് നം.3753/12/ആഭ്യന്തരം പ്രകാരം നാർക്കോട്ടിക് സെൽ പോലീസ് അസി.കമ്മീഷണറെ അന്വേഷണ ഉദ്യോഗസ്ഥനായി ചുമതലപ്പെടുത്തിക്കൊണ്ട് വാച്യാന്വേഷണത്തിന് ഉത്തരവാകുകയും, കുറ്റാരോപണ മെമ്മോ നൽകുകയും ചെയ്തിട്ടുണ്ട്. |
| എഫ്) ഈ ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ടോ; എങ്കിൽ ഇപ്പോൾ ജോലി ചെയ്യുന്ന ഓഫീസ് ഏതാണെന്ന് വ്യക്തമാക്കുമോ; | (എഫ്) 23.09.2013 ലെ സർക്കാർ ഉത്തരവ് നം.2580/13/ആഭ്യന്തരം പ്രകാരം പ്രസ്തുത ഉദ്യോഗസ്ഥനെ സർവ്വീസിൽ തിരിച്ചെടുത്തിട്ടുണ്ട്. ഇപ്പോൾ ടിയാൻ തിരുവനന്തപുരം എസ്.സി.ആർ.ബി യിൽ ജോലി ചെയ്തു വരുന്നു. |
| ജി)സ്ത്രീകൾക്കെതിരെയുള്ള ഗുരുതരമായ കുറ്റകൃത്യങ്ങളിലുൾപ്പെട്ട ഈ ഉദ്യോഗസ്ഥനെ തലസ്ഥാന നഗരിയിൽതന്നെ ഇപ്പോൾ നിയമിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ? | (ജി) സ്പെഷ്യൽ യൂണിറ്റായ എസ്.സി.ആർ.ബി. യിൽ ഒഴിവ് വന്നതിനാലാണ് ഭരണപരമായ സൗകര്യാർത്ഥം ടിയാനെ അവിടെ നിയമിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ